# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.829 — 01.03.2017-ൽ മറുപടിയ്ക്ക്

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. വിൻസെന്റ്: | | **ശ്രീ.എ.കെ. ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും വിജ്ഞാനമുദ്രണം പ്രസ്സിലുമായി 19 പേരെ വിവിധ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | നിയമനം നടത്തുന്നതിന് തസ്തികകൾ നിലവിലുണ്ടായിരുന്നോയെന്നും, പത്രപരസ്യം, എഴുത്തുപരീക്ഷ, കൂടിക്കാഴ്ച തുടങ്ങിയ നടപടിക്രമങ്ങൾ പാലിച്ചാണോ നിയമനങ്ങൾ നടത്തിയതെന്നും വ്യക്തമാക്കാമോ; | (ബി) | പ്യൂൺ, വാച്ച്മാൻ, ക്ലറിക്കൽ അറ്റന്റന്റ് എന്നീ താഴ്ന്ന തസ്തികകളിൽ ദിവസ വേതനത്തിലാണ് ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരുടെ സേവനം അടിയന്തിരമായി ആവശ്യമുള്ളതിനാൽ നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ദിവസ വേതനത്തിലുള്ള നിയമനമായതിനാൽ മതിയായ പരസ്യം നൽകിയാണ് നിയമനം നടത്തിയിട്ടുള്ളത്. ദിവസ വേതന അടിസ്ഥാനത്തിൽ എടുക്കുന്നതിനാൽ ചോദ്യത്തിൽ സൂചിപ്പിച്ച നടപടി ക്രമങ്ങൾ ബാധകമല്ല. ഈ രീതിയാണ് ഈ സ്ഥാപനത്തിൽ തുടർന്നു വരുന്നത്. |
| (സി) | നിയമനങ്ങൾ ഗവേണിംഗ് ബോഡിയുടെ തീരുമാനത്തിന് വിധേയമായിട്ടാണോ നടത്തിയതെന്ന് വിശദമാക്കാമോ; | (സി) | നിയമനങ്ങൾ ഗവേണിംഗ് ബോഡിയുടെ തീരുമാനത്തിന് വിധേയമായിട്ടാണ് നടത്തിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത നിയമനങ്ങളിലൂടെ പ്രതിവർഷം എത്ര രൂപയുടെ അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നു അറിയിക്കാമോ? | (ഡി) | പ്രസ്തുത നിയമനങ്ങളിലൂടെ പ്രതിവർഷം 38,69,100/- (മുപ്പത്തിയെട്ട് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി ഒരുനൂറ് രൂപ മാത്രം) രൂപ ശമ്പള ചിലവ് വരുമെങ്കിലും നിലവിൽ ഒഴിവുള്ള തസ്തികയായതിനാൽ അധിക സാമ്പത്തിക ബാധ്യത വരുന്നില്ല. |

**സെക്ഷൻ ഓഫീസർ**